**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6585** **21-03-2023 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന വികസന പദ്ധതികൾക്ക് ഭരണാനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ എം നൗഷാദ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന വികസന പദ്ധതികൾക്ക് ആകെ എത്ര തുകയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | **നിരത്ത് വിഭാഗത്തിനു കീഴിൽ** സംസ്ഥാന പാതകളുടെ വികസനവും പുനരുദ്ധാരണവും 51.94 കോടി രൂപ, പ്രധാന ജില്ലാ പാതകളുടെ വികസനവും പുനരുദ്ധാരണവും 872.89 കോടി രൂപ, നബാർഡ് പ്രവൃത്തികൾ 228.69 കോടി രൂപ, ശബരിമല പ്രവൃത്തികൾ 394.50 കോടി രൂപ എന്നിങ്ങനെ ആകെ 1548 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്.<br><br>**പാലം വിഭാഗത്തിന്റെ കീഴിൽ** ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 52303.96 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്.<br><br>**കെട്ടിടവിഭാഗത്തിന്റെ** പ്ലാൻ പ്രവൃത്തികൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 37747.32 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്.<br><br>**ദേശീയപാത വിഭാഗത്തിനു** കീഴിൽ അറ്റകുറ്റപണികൾക്കായി 2021-22 സാമ്പത്തിക വർഷത്തിൽ 62 പ്രവൃത്തികൾക്കായി 15.72 കോടി രൂപയും, 2022-23 സാമ്പത്തിക വർഷത്തിൽ 31 പ്രവൃത്തികൾക്കായി 2.81 കോടി രൂപയുടെയും ഭരണാനുമതി നല്കിയിട്ടുണ്ട്. കൂടാതെ 2022-23 സാമ്പത്തികവർഷത്തിൽ 30 സി.ആർ.എഫ് പ്രവൃത്തികൾക്ക് 506.14 കോടി രൂപയുടെ ഭരണാനുമതിയും നല്കിയിട്ടുണ്ട്.<br><br>**റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷന്** കീഴിൽ നിർമ്മാണപ്രവർത്തനത്തിന് 41.54 കോടി രൂപയ്ക്കും വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് 16.5 ലക്ഷം രൂപയ്ക്കും ഭരണാനുമതി നല്കിയിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | | **<u>കെ.ആർ.എഫ്.ബി-</u>** <u>യുടെ കീഴിൽ</u><br><br>(എ) കൊല്ലം നഗരപാത വികസന പദ്ധതി- 365.34 കോടി രൂപയുടെയും<br><br>(ബി) കോഴിക്കോട് നഗരപാത വികസന പദ്ധതി- അരീക്കോട്-ചെറുവണ്ണൂർ മേൽപ്പാലം നിർമ്മാണം- 255.62 കോടി രൂപയുടെയും ഭരണാനുമതി നല്കിയിട്ടുണ്ട്.<br><br>**<u>കെ.ആർ.എഫ്.ബി (പി.എം.യു)</u>** വിന് കീഴിൽ ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തെ 20 പ്രധാന ജംഗ്ഷനുകളുടെ വികസനത്തിനായി 200 കോടി രൂപയും, ആറു ബൈപ്പാസുകളുടെ നിർമ്മാണത്തിനായി 200 കോടി രൂപയും, കേശവദാസപുരം മുതൽ അങ്കമാലി വരെയുള്ള എം.സി റോഡിന്റെ നാലുവരി പാത നിർമ്മാണം കൂടാതെ കൊല്ലം-ചെങ്കോട്ട റോഡ് നാലുവരി പാത നിർമ്മാണം എന്നീ പദ്ധതികൾക്കായി 1500 കോടി രൂപയും തത്ത്വത്തിൽ ഭരണാനുമതി നല്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികളിൽ സംസ്ഥാനത്തെ റോഡുകൾ ബി.എം. & ബി.സി. നിലവാരത്തിലാക്കുന്നത് സംബന്ധിച്ച പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | **<u>നിരത്ത് വിഭാഗം</u>**<br><br>സംസ്ഥാനത്തെ റോഡുകളിൽ നിലവിൽ ഏകദേശം 14100 കി.മീ റോഡുകൾ ബി.എം. ആന്റ് ബി.സി നിലവാരത്തിലേയ്ക്ക് ഉയർത്തിയിട്ടുള്ളതാണ്. നിലവിൽ ഭരണാനുമതി നല്കിയ പ്രവൃത്തികൾ ഉൾപ്പെടെ ഏകദേശം 1100 കിലോമീറ്റർ റോഡുകൾ ബി.എം.& ബി.സി നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.<br><br>**ദേശീയപാത വിഭാഗത്തിനു** കീഴിൽ സി.ആർ.ഐ.എഫ് പ്രവൃത്തികളാണ് റോഡുകൾ ബി.എം.& ബി.സി നിലവാരത്തിൽ ആക്കുന്നതുമായി ബന്ധപ്പെട്ടത്. ആയതിന്റെ പ്രവൃത്തികൾ പുരോഗമിക്കുന്നു. 8 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നല്കിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിൽ വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നുണ്ടോ; വിശദമാക്കുമോ? | (സി) | വൈറ്റ് ടോപ്പിംഗ് സാങ്കേതിക വിദ്യ ആലപ്പുഴ നഗരവികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്. കേരള റോഡ് ഫണ്ട് ബോർഡ് സ്മാർട്ട് സിറ്റി പദ്ധതിയിൽ വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യ ഉപയോഗിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ